"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - തലവൂർ ഗ്രാമ പഞ്ചായത്ത് -കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ 51,950/- (അൻപത്തിയൊന്നായിരത്തി തൊള്ളായിരത്തി അൻപത് രൂപ) യുടെ ചെലവ് - സാധൂകരണം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.977/2025/LSGD തീയതി,തിരുവനന്തപുരം, 16-04-2025

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 10/01/2023-ലെ PAN/244/2023 -M3 നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 15.02.2024-ലെ DKSA/429/P.T1/2023 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ തലവൂർ ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ ക്യാൻസർ നിർണ്ണയ ക്യാമ്പ് എന്ന പദ്ധതി (പ്രോജക്റ്റ് നമ്പർ : 190/2014) നടപ്പാക്കിയിരുന്നു. എന്നാൽ പദ്ധതി സർക്കാർ മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായതിനാൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 51,950/- രൂപ തലവൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു .

2) മേൽ ഓഡിറ്റ് പരാമർശം സാധൂകരിക്കുന്നതിലേക്കായി തലവൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 13/05/2022 ലെ 26(10)-ാംനമ്പർ അഭ്യർത്ഥന സർക്കാരിന് പരാമർശം (1) പ്രകാരം ലഭ്യമാക്കിയ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ, 2013-14 വർഷത്തെ ക്യാൻസർ നിർണ്ണയ ക്യാമ്പിൽ ഏകദേശം പന്ത്രണ്ടായിരത്തിൽപ്പരം ആളുകൾ പങ്കെടുത്തിട്ടുണ്ടെന്നും ഇവരിൽ നിന്നും സാമ്പിളുകൾ ശേഖരിക്കുകയും പരിശോധനയ്ക്കു നൽകുകയും ചെയ്തിരുന്നുവെന്നും ക്യാൻസർ രോഗനിർണ്ണയവും പ്രതിരോധവും സംബന്ധിച്ച് തലവൂർ പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനകരവും ഉപകാരപ്രദവുമായ രീതിയിൽ ബോധവൽക്കരണവും തുടർ പ്രവർത്തനങ്ങളും നടത്തുന്നതിന് പ്രസ്തുത പദ്ധതികൊണ്ട് സാധിച്ചിട്ടുണ്ടെന്നും, ക്യാൻസർ പോലുള്ള മഹാമാരിയെ ചെറുക്കാൻ നല്ല ഉദ്ദേശത്തോടെ വിഭാവനം ചെയ്ത പദ്ധതിയായതിനാലും പദ്ധതിയുടെ ഭൗതിക നേട്ടം ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ഉപകാരപ്രദമായി

ഭവിച്ചിട്ടുണ്ടെന്നും പഞ്ചായത് ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്.

3) ടി പദ്ധതി ചെലവിന് സാധൂകരണം നൽകണമെന്ന പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വെറ്റിംഗ് ഓഫീസറുടെ അംഗീകാരവും, 22/10/2022-ലെ 30-ാം നമ്പർ യോഗതീരുമാനമായി ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും അനുകൂല ശിപാർശ നല്കിയിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സാങ്കേതിക പിഴവുകൾ കാരണം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്ന് സൂചന (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

4) തലവൂർ ഗ്രാമ പഞ്ചായത്തിന്റെ 13.05.2022-ലെ 26(10)-ാം നമ്പർ കമ്മറ്റി തീരുമാനം, കൊല്ലം ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 22.10.2022-ലെ യോഗത്തിന്റെ 30-ാം നമ്പർ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശകൾ എന്നിവ പരിഗണിച്ച് തലവൂർ ഗ്രാമ പഞ്ചായത്തിന്റെ 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ ചെലവിന് സാധൂകരണം നൽകുന്നതിന് എതിർ അഭിപ്രായമില്ലെന്നും സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും പരാമർശം(2) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5) മേൽ വസ്തുതകൾ, തലവൂർ ഗ്രാമ പഞ്ചായത്തിന്റെ 13.05.2022 -ലെ 26(10)-ാം നമ്പർ കമ്മറ്റി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെയും, വെറ്റിംഗ് ഓഫീസറുടെ അംഗീകാരം, പഞ്ചായത്ത് ഡയറക്ടറുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെയും അനുകൂല ശിപാർശകൾ എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു. ക്യാൻസർ നിർണ്ണയ ക്യാമ്പിൽ പന്ത്രണ്ടായിരത്തിൽപ്പരം ആളുകൾ പങ്കെടുത്തിട്ടുള്ളതിനാലും പദ്ധതി തലവൂർ ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനപരവും ഉപകാരപ്രദവുമായതിനാലും, ടി പദ്ധതി ക്യാൻസർ പോലുള്ള ഗുരുതര രോഗത്തെ ചെറുക്കാൻ സദുദ്ദേശത്തോടെ വിഭാവനം ചെയ്തതായതിനാലും കൊല്ലം ജില്ലയിലെ തലവൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14 വർഷത്തെ ഓഡിറ്റ് റിപോർട്ട് ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ 51,950/- (അൻപത്തിയൊന്നായിരത്തി തൊള്ളായിരത്തി അൻപത് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം
സെക്രട്ടറി, തലവൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം

മെഡിക്കൽ ഓഫീസർ, തലവൂർ ഗ്രാമപഞ്ചായത്ത്,കൊല്ലം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ട്)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി (LSGD-AB1/5/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
സെക്ഷൻ ഓഫീസർ
Date: 19-04-2025 10:42:45